"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 82 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ താല്ക്കാലിക തസ്തികകൾ ഒരു വർഷ കാലയളവിലേക്ക് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.429/2025/TAXES തീയതി,തിരുവനന്തപുരം, 02-05-2025

---

പരാമർശം:-
1. 26.02.2016-ലെ സ.ഉ.(പി) നം. 28/2016/ധന
2. 28.04.2017-ലെ സ.ഉ.(പി) നം. 56/2017/ധന
3. 21.07.2018-ലെ സ.ഉ.(പി) നം. 112/2018/ധന
4. 09.07.019-ലെ സ.ഉ.(പി) നം. 81/2019/ധന
5. 11.02.2021-ലെ സ.ഉ.(പി) നം. 29/2021/ധന
6. 19.04.2025-ലെ സ.ഉ.(പി) നം. 54/2025/ധന
7. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 25.02.2025, 29.03.2025 തീയതിലെ SLTY/934/2025-E2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സമ്മാന വിതരണം നടത്തുന്നതിനായി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലും ഭാഗ്യക്കുറി സബ് ഓഫീസുകളിലും സ്ഥിരം ക്ലർക്കുമാരെയും താൽക്കാലിക ക്ലർക്കുമാരെയും ഡാറ്റ എൻട്രി ഓപ്പറേറ്റമാരെയുമാണ് നിയോഗിച്ചിട്ടുള്ളതെന്നും സമയബന്ധിതമായി സമ്മാന വിതരണം നടത്തി ഏജൻ്റുമാർക്കും പൊതുജനങ്ങൾക്കും സേവനം നടത്തുന്നതിന് ടി ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണെന്നും പരാമർശം (7) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട്

ചെയ്തിരുന്നു.

**2)** പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ഓഫീസുകളിൽ സമർപ്പിക്കപ്പെടുന്ന ടിക്കറ്റുകൾക്ക് പുറമെ കൂടുതൽ ടിക്കറ്റുകൾ ജില്ലാ/സബ് ഓഫീസുകളിൽ സമർപ്പിക്കപ്പെടുന്ന സ്ഥിതി നിലവിൽ വരാനിടയുണ്ടെന്നും സമ്മാന വിതരണത്തിനായി കൂടുതൽ ടിക്കറ്റുകൾ ഓഫീസിൽ എത്തുന്നതിനാൽ ഭാഗ്യക്കുറി ഓഫീസുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസുകളിലേക്ക് **163** ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകൾ ഒരു വർഷ കാലയളവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും ടി തസ്തികകൾ യന്ത്രവത്കരണം (മെഷീൻ) പൂർത്തിയാകുന്ന മുറക്ക് ഘട്ടം ഘട്ടമായി ഒഴിവാക്കാവുന്നതാണെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അറിയിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസ വേതന/കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ **82** താല്ക്കാലിക തസ്തികകൾ ഒരു വർഷ കാലയളവിലേക്ക് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ,സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ ),കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള ,തിരുവനന്തപുരം
ധനകാര്യ വകുപ്പ് (**3068646/EXP-B1/142/2025/FIN** തിയ്യതി, **02.05.2025** പ്രകാരം )
നോഡൽ ഓഫീസർ,സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ )
സ്റ്റോക്ക് ഫയൽ (എച്ച് **1/57 /2025**/നികുതി )

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 02-05-2025 17:57:30

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്